

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/06/2024

1. പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭം തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പും പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ചേർന്ന് സംശുദ്ധവും സംപുഷ്ടവുമായ എംപിഐയുടെ ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിപണനം നടത്താനുള്ള ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നു. ഒരു ഗുണഭോക്താവിന് സൗജന്യമായി 3 ലക്ഷം രൂപയുടെ മുതൽമുടക്കിലാണ് മീറ്റ് ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നത്. പ്രവർത്തന മൂലധനവും വാടകമുറിക്കുള്ള സെക്യൂരിറ്റി തുകയും ഇതിൽ ഉൾപ്പെടും. വൈദ്യുതി കണക്ഷനുള്ള 100 Sq വിസ്തീർണ്ണമുള്ള കടമുറി വാടകയ്ക്കോ സ്വന്തമായോ ഗുണഭോക്താവ് കണ്ടെത്തി അറിയിക്കണം. ആകെ 10 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകുന്നത്. അപേക്ഷകൾ അതത് ജില്ലകളിൽ ഡെവലപ്മെൻ്റ് ഓഫീസറുടെ ശുപാർശകളോടെ ലഭിക്കേണ്ട അവസാന തീയതി 31/07/2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റൻ്റ് മാനേജർ (മാർക്കറ്റിംഗ്), എം പി ഐ ലിമിറ്റഡ്, എടയാർ പി.ഒ, കൂത്താട്ടുകുളം. കൂടുതൽ വിവരങ്ങൾക്ക് 8281110007 എന്ന ഫോൺ നമ്പറിലോ mpiedayarmkt@gmail.com എന്ന ഇമെയിൽ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

2. കെ എൽ ഡി ബോർഡ്, ധോണി ഫാം പാലക്കാടിൽ നിന്ന് ക്ഷീര കർഷകർക്ക് മിതമായ നിരക്കിൽ വിവിധയിനം തീറ്റപ്പുൽ വിത്തുകളും (ഗിനിപ്പുല്ല്, സിഗ്നൽപ്പുല്ല്, മക്കച്ചോളം, സുബാബൂൾ മുതലായവയുടെ) പുൽത്തണ്ടുകളും (co -3, co -4, co -5, റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ, ഡ്വാർഫ് നേപ്പിയർ എന്നിവയുടെ) കോംഗോ സിഗ്നൽ, സിഗ്നൽ, ഹ്യൂമിഡികോളാ, ഗിനിപ്പുല്ല് എന്നിവയുടെ തൈകളും വിൽക്കപെടുന്നുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിത്തുകളും തണ്ടുകളും നേരിട്ടും പാർസൽ മുഖേനയും നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446004285, 9048702812, 6282824544, 9446150097 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കശുമാവ് കൃഷിചെയ്യാൻ താത്പര്യമുള്ളവർക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്യാൻ എറണാകുളം ജില്ലയിലെ കിഴക്കമ്പലം കൃഷിഭവനിൽ അപേക്ഷ സ്വീകരിക്കുന്നു. വസ്തുവിന്റെ കരമടച്ചതിന്റെയും ആധാർ കാർഡിന്റെയും പകർപ്പ് സഹിതം ഈ മാസം 29 വരെ അപേക്ഷ സ്വീകരിക്കുന്നു.

4. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ 20/-രൂപ നിരക്കിലും ലഭ്യമാണ്. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ പിജി, ഡിഗ്രി, പിജിഡിപ്ലോമ, ഡിപ്ലോമ കോഴ്സുകളിലേക്ക് 2024-25 അധ്യയന വർഷത്തിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചിരിക്കുന്നു. എംഎസ് (വൈൽഡ്ലൈഫ്സ്റ്റഡീസ്), എംഎസ്സി (അപ്ലൈഡ് മൈക്രോബയോളജി, എംഎസ്സി (ബയോകെമിസ്ട്രി & മോളിക്യുലാർബയോളജി), എം എസ്സി (ക്വാളിറ്റികൺട്രോൾ ഇൻഡെയറി ഇൻഡസ്ട്രി), എംഎസ്സി (അനിമൽ ബയോടെക്നോളജി), എംഎസ്സി (അപ്ലൈഡ് ടോക്സിക്കോളജി), എം എസ്സി (ബയോസ്റ്റാറ്റിസ്റ്റിക്സ്), പിജി ഡിപ്ലോമ (ക്ലൈമറ്റ് സർവ്വീസസ് ഇൻ അനിമൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അഗ്രികൾച്ചർ/ക്ലൈമറ്റ് സർവ്വീസസ്/ വെറ്ററിനറി കാർഡിയോളജി, വെറ്ററിനറി അനസ്തേഷ്യോളജി), ബി എസ്സി (പൗൾട്രി പ്രൊഡക്ഷൻ &ബിസിനസ്സ് മാനേജ്മെന്റ്, ഡിപ്ലോമ (ഡെയറിസയൻസ്/ ലബോറട്ടറി ടെക്നിക്സ്/ ഫീഡ് ടെക്നോളജി) എന്നീ കോഴ്സുകൾ ഇവയിലുൾപ്പെടുന്നു. ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും അനന്തസാധ്യതകൾ ഉള്ള ഈകോഴ്സുകൾക്ക് നിരവധി തൊഴിൽ മേഖലകളിൽ അവസരങ്ങളുണ്ട്. മേൽപ്പറഞ്ഞകോഴ്സുകളുടെ വിശദവിവരങ്ങൾക്ക് www.kvasu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 04936 209272, 209269, 209270 എന്നീഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 02 മുതൽ 06 വരെയുള്ള 05 ദിവസങ്ങളിലായി '**ശാസ്ത്രീയ പശുപരിപാലനം**' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിയ്ക്കുന്നു. താത്പര്യമുള്ള ക്ഷീര കർഷകർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ജൂൺ 29 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

7. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻററിലും, ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലും 2024 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് കോഴ്സ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 01.08.2024 ന് 25 വയസ്സ് കവിയാത്തവരും 18 വയസ്സ് പൂർത്തിയായവരും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത പാസ്സായവരും, കൈവിരലുകൾക്ക് അംഗവൈകല്യം ഇല്ലാത്തവരും, കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ചശക്തി ഉള്ളവരും ആയിരിക്കണം (മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണ്). തെരഞ്ഞെടുക്കപ്പെടുന്നവർ നിലവിലുള്ള പരിശീലന ഫീസായി 500/- രൂപ/സർക്കാർ പുതുക്കി നിശ്ചയിക്കുന്ന പ്രവേശന സമയത്ത് അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ഫീസ് നൽകേണ്ടതില്ല. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 10 (10.07.2024). നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ. മഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന്.പി.ഒ. തിരുവനന്തപുരം 695043 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക മൃഗസംരക്ഷണ വകുപ്പിൻ്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

8. റബ്ബർതോട്ടങ്ങളിൽ മണ്ണു-ജലസംരക്ഷണം എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2024 ജൂൺ 26 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡ് അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ **04812576622** ആണ്. റബ്ബർതോട്ടങ്ങളിലെ ഫലപുഷ്ടിയുള്ള മണ്ണ് മഴക്കാലത്ത് ഒലിച്ചുപോകുന്നത് സാധാരണമാണ്. നിരപ്പുതട്ടുകൾ, നീർക്കുഴികൾ, ഇടക്കയ്യാലകൾ തുടങ്ങിയവ നിർമ്മിക്കുന്നതിലൂടെ റബ്ബർതോട്ടങ്ങളിലെ

മണ്ണും ജലവും സംരക്ഷിക്കാൻ കഴിയും. റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെനിന്നു ലഭിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം